കേരളീയം
മുനിസിപ്പല്‍ മാര്‍ക്കറ്റ് ബില്‍ഡിംഗ്, കൊക്കാലെ, തൃശൂര്‍-21
ലക്കം 108
ലക്കം 7 • പുസ്തകം 8 • 2006 ജൂലായ് • 1181 മിഥുനം-കര്‍ക്കിടകം • പേജ് 36 • വില 10 രൂപ

# പ്ലാച്ചിമട എന്ത്, എന്തുകൊണ്ട്?

8-ാം വര്‍ഷത്തിലേക്ക് പ്രവേശിക്കുന്ന 'കേരളീയം' ഇതിനകം അഞ്ച് പ്ലാച്ചിമട പ്രത്യേക പതിപ്പുകളും ഇതുവരെയിറങ്ങിയ 107 ലക്കങ്ങളില്‍ 103 ലക്കങ്ങളിലും തുടര്‍ച്ചയായി പ്രസിദ്ധീകരിച്ച മുഖ്യവിഷയങ്ങളിലൊന്ന് പ്ലാച്ചിമട ഉന്നയിച്ച പ്രശ്നങ്ങളും പരിഹാരങ്ങളുമായിരുന്നു. നമ്മുടെ ചില വായനക്കാര്‍ ചോദിക്കാറുള്ളതുപോലെ 'ഇനിയെന്തിന് പ്ലാച്ചിമട?' ലോകമാകെ അറിഞ്ഞ പ്രചോദനമുള്‍ക്കൊണ്ട സമരം. 140 രാജ്യങ്ങളില്‍ അനേകം ഉല്പാദന വിതരണ സംവിധാനങ്ങളുള്ള കൊക്കകോളയ്ക്ക് പേരിനെങ്കിലും കമ്പനിയടച്ച് പൂട്ടേണ്ടിവന്നത് ഇപ്പോള്‍ പ്ലാച്ചിമടയില്‍മാത്രം. തദ്ദേശീയരായ ആദിവാസികളുടേയും സാധാരണക്കാരുടേയും ഉശിരന്‍ സമരത്തിന്റെ ഫലമാണ് ഈ പരിമിത വിജയം. പക്ഷേ, കമ്പനി ചെയ്ത ക്രൂരതകള്‍ക്കും കുറ്റകൃത്യങ്ങള്‍ക്കും ഇപ്പോഴും പരിഹാരമായിട്ടില്ല. സമരം ചെയ്തവര്‍ക്ക് നീതി ലഭിച്ചിട്ടില്ല. തങ്ങളുടെ കുടിവെള്ളം മലിനീകരിച്ചതും അമിതജലചൂഷണം ഉന്നയിച്ചും ആയിരുന്നല്ലോ സമരം തുടങ്ങിയത്. ലോകം ഈ സമരം മൊത്തം ഏറ്റെടുത്തെന്ന് എല്ലാവരും കരുതി. എന്നാല്‍ പ്ലാച്ചിമടയില്‍ സമരം ക്ഷീണിതമാണ്. എങ്കിലും തുടരുന്നു. എന്നാല്‍ കേരളത്തിലോ ലോകത്തോ ഈ സമരം ഉന്നയിച്ച അടിസ്ഥാന പ്രശ്നങ്ങള്‍ക്ക്-വിഭവങ്ങള്‍ക്കുമേല്‍ തദ്ദേശീയര്‍ക്കുള്ള അധികാരം,........ ഇപ്പോഴും നേടാനായിട്ടില്ല. കമ്പനി താല്ക്കാലികമായി അടച്ചിട്ട് രണ്ട് വര്‍ഷം കഴിഞ്ഞു. സാമാന്യം ഭേദപ്പെട്ട രണ്ട് മഴക്കാലം കഴിഞ്ഞിട്ടും സമീപവാസികളുടെ കിണര്‍ ജലം ഇപ്പോഴും ഉപയോഗിക്കാന്‍ കൊള്ളില്ല. പ്ലാച്ചിമട കമ്പനി സാധ്യമാക്കിയ പഞ്ചായത്തീരാജ് നിയമത്തിലേയും മലിനീകരണ, ജല, ഖരമാലിന്യ, വ്യവസായ, ആരോഗ്യ, കൃഷി, നിയമ-ഭരണ സംവിധാനങ്ങളിലെ പാളിച്ചകളില്‍ മാറ്റങ്ങള്‍ കാര്യമായൊന്നുമുണ്ടായില്ല. പരിമിതമായ വിഭവങ്ങളുടെ ശോഷണമില്ലാതെയുള്ള ഉല്പാദന വ്യവസ്ഥയ്ക്കും പരിസരമലിനീകരണമില്ലാതെയുള്ള വ്യവസായ സംരംഭങ്ങള്‍ക്കും യാതനകളേല്‍പ്പിക്കാതെയുള്ള വികസനപദ്ധതികള്‍ക്കും വേണ്ടിയുള്ള മനുഷ്യപ്രവര്‍ത്തനമായിരുന്നു യഥാര്‍ത്ഥത്തില്‍ പ്ലാച്ചിമട സമരം ഉന്നയിച്ചത്. വെള്ളം, മണ്ണ്, പരിസ്ഥിതി, ആരോഗ്യം, അദ്ധ്വാനം തുടങ്ങിയ ജീവനോപാധികള്‍ കയ്യേറ്റം ചെയ്ത കൊക്കകോള പ്ലാച്ചിമടയില്‍ മാത്രമല്ല ഉള്ളത്. ആഗോളവല്‍ക്കരണത്തിന്റേയും പുതിയ വികസന ആസക്തിയുടേയും ഭാഗമായി വന്നുകൊണ്ടിരിക്കുന്ന മിക്കവാറും മൂലധനനിക്ഷേപവും വ്യവസായങ്ങളും പ്ലാച്ചിമടകളെ സൃഷ്ടിക്കുന്ന 'വികസന'മാണുണ്ടാക്കുന്നത്. യഥാര്‍ത്ഥത്തില്‍ സമത്വനിഷ്ഠവും സ്വാതന്ത്ര്യനിഷ്ഠവുമായ സുസ്ഥിരവികസനത്തിലേക്ക് നയിക്കുന്ന അനുയോജ്യവികസനം മതി. ലാഭവര്‍ദ്ധനവിനുവേണ്ടി മാത്രമുള്ള മൂലധനശക്തികളുടെ ജീവനോപാധികളുടെ കയ്യേറ്റമല്ല നമുക്കാവശ്യം. അങ്ങിനെയെങ്കില്‍ യാതനകളേല്‍പിക്കുന്ന വികസനപദ്ധതികളില്‍നിന്ന് ബഹുദൂരം നമ്മള്‍ അകലേണ്ടതുണ്ട്. പ്ലാച്ചിമടയിലെ യഥാര്‍ത്ഥസമരം നീതിക്കുവേണ്ടിയാണ്. മണ്ണിനോടും മനുഷ്യരോടും മറ്റു ജന്തുജീവജാലങ്ങളോടുമുള്ള നീതി. എന്നാല്‍ ഈ സമരം ഇനിയും വേണ്ടത്ര മുന്നേറിയിട്ടില്ല. ഇതു തീര്‍ച്ചയായും പ്ലാച്ചിമടയില്‍ മാത്രം നടക്കേണ്ടതുമല്ല. എന്നാല്‍ കേരളത്തില്‍ ഇതിന്റെ രാഷ്ട്രീയ, സാമൂഹ്യ പ്രാധാന്യം ഇനിയും വേണ്ടത്ര തിരിച്ചറിയാന്‍ ആയിട്ടില്ലായെന്നാണ് തോന്നുന്നത്. പ്ലാച്ചിമടക്കാര്‍ അവരുടെ സമരം സാമാന്യം നന്നായി ചെയ്തു, ചെയ്യുന്നു. എന്നാല്‍ കേരളീയരോ? പ്ലാച്ചിമടയുടെ അനുഭവപാഠങ്ങള്‍ മറ്റൊരിടത്ത് മറ്റൊരു രൂപത്തില്‍ ഇതാവര്‍ത്തിക്കില്ലായെന്ന് ഉറപ്പുവരുത്തലായിരുന്നു. എന്നാല്‍ നമ്മുടെ അശ്രദ്ധയില്‍, ഉത്തരവാദിത്വമില്ലായ്മയില്‍, ജാഗ്രതക്കുറവില്‍ ഇനിയും പ്ലാച്ചിമടകള്‍ ആവര്‍ത്തിക്കപ്പെടാനാണ് സാധ്യത. ഗൗരവമേറിയ രാഷ്ട്രീയ വിശകലനങ്ങളോ, സൂക്ഷ്മമായി നടത്തേണ്ട പഠനങ്ങളോ ഇനിയും പ്ലാച്ചിമട എന്തുകൊണ്ട് സംഭവിച്ചു, ഇനി സംഭവിക്കാതിരിക്കാന്‍ എന്തൊക്കെ ചെയ്യാം എന്ന കാര്യത്തില്‍ നടന്നിട്ടില്ല. അന്താരാഷ്ട്ര ശ്രദ്ധയും മാധ്യമങ്ങളിലെ അനുചിതമായ പ്രതിനിധാനങ്ങളും എല്ലാവരേയും പ്ലാച്ചിമടയുടെ പ്രിയപ്പെട്ടവരാക്കി. എന്നാല്‍ മലയാളിയുടെ കൂട്ടമറവിപ്പോലെ, തല്ക്കാലം മാത്രം നില്‍ക്കുന്ന കൗതുകം പോലെയല്ല, ഒഴിവാക്കാന്‍ പാടില്ലാത്ത സമരമാവണം പ്ലാച്ചിമട. ആ അര്‍ത്ഥത്തില്‍ പ്ലാച്ചിമട ഇനിയുമേറെ മുന്നേറേണ്ടതുണ്ട്. കോര്‍പ്പറേറ്റ് ചൂഷണത്തിന്റെ ഇരകളാകാതെ സ്ഥായിയായ നിലനില്‍പും യഥാര്‍ത്ഥ വികസനവുമുള്ള ജീവിതത്തിനായി ആഴത്തില്‍, സൂക്ഷ്മതയില്‍ അന്വേഷിക്കേണ്ടതുണ്ട്. തൊഴിലും വികസനവും വ്യവസായവും എന്ന പേരില്‍ നടക്കുന്ന ചതിയുടേയും സാമൂഹ്യ ചൂഷണത്തിന്റെയും പ്രകടിതരൂപം എന്ന രീതിയിലും അതിനെതിരെയുള്ള ധീരമായ ചെറുത്തുനില്‍പിന്റെ മികച്ച ഉദാഹരണമെന്ന രീതിയില്‍ നാം നേടിയ ഉത്തരവാദിത്വം നിരന്തരമായ സമരവും നീതിപൂര്‍വ്വമായ പരിഹാരവുമാണ്. ആ ലക്ഷ്യത്തിനായി, കേരളീയം പ്ലാച്ചിമടയുടെ നീതിക്കായി മാധ്യമദൗത്യം തുടരുകയാണ്. അതുകൊണ്ട് ഈ ലക്കവും, പ്രതികരണങ്ങള്‍ പ്രതീക്ഷിച്ച്.

പത്രാധിപര്‍

പത്രാധിപര്‍ : പ്രമോദ്; ഏകോപനം : റോബിന്‍ ടൈപ്പ് സെറ്റിങ്ങ് : മൗസ് ആന്റ് മൈന്റ്സ്, തൃശൂര്‍
സാങ്കേതിക സഹായം : എന്‍.ചന്ദ്രന്‍, പി.എ.അശോകന്‍, പി.ടി.എം.ഹുസൈന്‍, ഡോ.ബേബി എ.എ., വി.എം.ഗിരിജ, ഷീബ അമീര്‍,
പുഷ, തോമസ്, എസ്. ലിമ, അജിലാല്‍, മധുരാജ്, എന്‍.പി. ജോണ്‍സണ്‍, ചിറ്റൂര്‍ ഷണ്മുഖദാസ്, വി.എസ്. ഗിരീശന്‍, റഫീക് അഹമ്മദ്
സി.ആര്‍. നീലകണ്ഠന്‍, കെ.എ. സഗര്‍, എസ്. സുനില്‍കുമാര്‍, അഡ്വ. ആശ, മേഘ, ഡോ. ലത, കെ.എസ്. സുബിന്‍, രമേഷ്,
ശ്രീനിവാസന്‍ ചുരക്കാട്ടുകര, എം. മോഹന്‍ദാസ്, ഡോ. എം.എച്ച്. ഇല്യാസ്, റഫീക് വൈപ്പിപ്പാടത്ത്, പി. സുന്ദര്‍രാജ്